


## സമകാലികം

കെ. ഷാൻ അഹ്മദ് അയിരൂർ

കുട്ടി ചിന്തിച്ചു.....
രാജാവ് നഗ്നനാണെന്ന്
പറഞ്ഞിട്ടെനിക്ക്
എന്ത് കിട്ടാനാണ്..
രാജാവിൽ നിന്നും
നാട്ടുകാരിൽനിന്നും

# ഉമ്മ

**ലബീബ എ. റഹീം**
വിമൻസ് ഇസ്‌ലാമിയാ കോളേജ് വണ്ടൂർ



**ഉമ്മ**
ഇടവഴി പോലെയാണ്
നീണ്ടും
വളഞ്ഞും പുളഞ്ഞും
നേർത്തും തടിച്ചും
വക്കിടിഞ്ഞും
ഒരുപാട്
വഴികളെത്താനു
ള്ളൊരു വഴി!

ഉമ്മ
പുഴപോലെയാണ്
തെളിഞ്ഞും
കലങ്ങിയും
ശാന്തമായും
ഇടക്ക്
രൗദ്രഭാവം പൂണ്ടും
ഒഴുകുമെങ്കിലും
വറ്റിത്തുടങ്ങുമ്പോഴേ
ആഴമെന്തെന്നറിവതുള്ളൂ
നാം .............!

ഉമ്മ
കടലാണ്.......
ആർത്തിരമ്പാൻ മടിച്ച്
വിതുമ്പി, വിതുമ്പി
ഒരു സങ്കടക്കടൽ!
ആരുമറിയാതെ
മനസ്സിലൊതുക്കുമൊരു
കണ്ണീർ കടൽ!

ഉമ്മ കടൽ തന്നെയാണ്
അടക്കി വെക്കേണ്ടതിന്
പകരമായ്.....
കരകവിഞ്ഞ സ്നേഹത്താൽ
അലമാലകൾ......
നമ്മിലേക്ക്
ആർത്തലച്ച് വന്ന്
പിന്നെ
ശാന്തമായി
തീരത്തെ തലോടിപ്പോകും
ഒരുപാട് തിരകളുള്ള
ഒരു കടൽ

ഉമ്മ വല്ലാത്തൊരനുഭവമാണ്
കരഞ്ഞും
കലങ്ങിയും
കണ്ണീരൊലിപ്പിച്ചും
കലപില കൂട്ടിയും
കഴിഞ്ഞുപോയ്.....

തച്ചും
തലോടിയും
തമ്മിലുടക്കിയും
തുന്നിച്ചേർത്തും
തീർന്നുപോയ്.....

സ്നേഹിച്ചും
കോപിച്ചും
ശാസിച്ചും
സാന്ത്വനിപ്പിച്ചും
അലിഞ്ഞു തീരുമ്പോഴേ.....
നാമറിയുന്നുള്ളൂ.....
വല്ലാത്തൊരുമ്മയാണെന്ന്......!

എങ്കിലും
എന്നുമ്മയെ
ഉപ്പു നിറഞ്ഞ
കണ്ണീരിൻ കണികയില്ലാതെ
ഒന്നോർക്കുവാനാകില്ലല്ലോ
എന്ന നീറ്റൽ
ഉള്ളിലെന്നും ..........!!